ENTRI

1 Crore User Downloads

# CURRENT AFFAIRS 17 MAR 2025



- **മഹാത്മാഗാന്ധി, ശ്രീനാരായണഗുരുദേവനെ ശിവഗിരിയിൽ സന്ദർശിച്ചതിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി നിലവിൽ വന്ന ശതാബ്ദിസ്മാരക മ്യൂസിയം നാടിന് സമർപ്പിച്ചത്**

  തുഷാർ ഗാന്ധി (ഗാന്ധിജിയുടെ ചെറുമകൻ)
  - 1925 മാർച്ച് 12ന് ശ്രീനാരായണഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും ചരിത്രസമാഗമത്തിനു വേദിയായ വനജാക്ഷിമന്ദിരമാണ് ശതാബ്ദിസ്മാരക മ്യൂസിയമാക്കിയത്.

---



- **മൗറീഷ്യസിന്റെ 'ദി ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ' എന്ന പരമോന്നത ബഹുമതി ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി**

  നരേന്ദ്ര മോദി
  - മൗറീഷ്യസിൻറെ 'ദി ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ' ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് മോദി.

---




- **2025 മാർച്ചിൽ യുനെസ്കോയുടെ ലോക പൈതൃക സ്ഥലങ്ങളുടെ താൽക്കാലിക പട്ടികയിൽ ഇടം നേടിയ ഛത്തീസ്ഗഡിലെ ദേശീയോദ്യാനം**

  കാംഗർ വാലി ദേശീയോദ്യാനം

---


ജയശ്രീ വെങ്കടേശൻ

- **തണ്ണീർത്തട സംരക്ഷണത്തിനായുള്ള മികച്ച പ്രവർത്തനത്തിന് 2025ലെ 'റാംസർ വെറ്റ്ലാൻഡ് വൈസ് യൂസ്' പുരസ്കാരം നേടിയ ഇന്ത്യക്കാരി**

  ജയശ്രീ വെങ്കടേശൻ
  - റംസാർ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യക്കാരിയാണ് ജയശ്രീ വെങ്കടേശൻ.
  - തണ്ണീർത്തടങ്ങളുടെ സുസ്ഥിര പരിപാലനത്തിനായി സമർപ്പിതരായ വ്യക്തികളെയും സംഘടനകളെയും ആദരിക്കുന്നതിനാണ് റാംസർ പുരസ്കാരങ്ങൾ നൽകുന്നത്.

---



- **കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന 37-ാമത് ഓൾ ഇന്ത്യ പോസ്റ്റൽ കൾച്ചറൽ മീറ്റിൽ ജേതാക്കളായത്**

  കേരളം
  - കർണാടക രണ്ടാം സ്ഥാനവും, ഒഡിഷ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.